**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 292 — 12-10-2011- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ ആധുനികവല്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. എ.കെ. ബാലൻ:<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീ. എസ്. ശർമ്മ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ ഫലപ്രദമായ ആധുനീകവൽക്കരണം നടപ്പാക്കാൻ കൃഷിവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) 1) കാർഷിക മേഖലയിൽ ഫലപ്രദമായ ആധുനികവൽക്കരണം നടപ്പാക്കാൻ എല്ലാ കൃഷി ഭവനുകളെയും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ സംവിധാനം നിലവിൽ വരുന്നതോടെ കൃഷിക്കാർക്ക് സഹായകമാകുന്ന ഉൽപാദനോപാധികളുടെ ലഭ്യത, മണ്ണ് പരിശോധനാ വിവരങ്ങൾ, കാലാവസ്ഥാ പ്രവചനങ്ങൾ, രോഗകീടബാധയുണ്ടാകുന്നത് സംബന്ധിച്ച സൂചനകൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, വിപണി വിവരങ്ങൾ മുതലായവ, കൃഷിക്കാർക്ക് സഹായകരമായ സന്ദേശങ്ങളും സേവനങ്ങളെക്കുറിച്ചുള്ള വിവരവും കൂടുതൽ വ്യാപകമായും കാര്യക്ഷമമായും കൃഷിക്കാരിൽ എത്തിക്കാൻ കഴിയുന്നു.<br>2) പുതിയ കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും റിപ്പയറിംഗിനെക്കുറിച്ചും തെരഞ്ഞെടുത്ത കർഷകർക്ക്/യുവാക്കൾക്ക് പരിശീലനം നൽകുന്നു.<br>3) ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലനവും, അറിവും യഥാക്രമം കൃഷി ഭവൻ, വിവിധ മാദ്ധ്യമങ്ങൾ മുഖേന കർഷകർക്ക് നൽകുന്നു.<br>4) പുതിയ കാർഷിക വിദ്യകളെക്കുറിച്ച് കർഷകർക്ക് കൂടുതൽ അറിവു നൽകുന്നതിലേക്കായി അവ നടപ്പിലാക്കിയ പ്രദേശങ്ങളിലേയ്ക്ക് പഠനയാത്ര |

സംഘടിപ്പിക്കുക, പ്രദർശനത്തോട്ടങ്ങൾ ഒരുക്കുക, എന്നിവ കൂടാതെ സംസ്ഥാന കൃഷി വകുപ്പിന്റെ കേരളകർഷകൻ മാസികവഴിയും ലഘുലേഖകൾ മുഖേനയും ടി.വി. ചാനലുകളിലും കർഷകർക്ക് വിജ്ഞാനപ്രദമായ അറിവ് നൽകുന്നു.

| | | | |
|---|---|---|---|
| ബി) | പുതിയ തലമുറ കാർഷിക രംഗത്തുനിന്നും അകന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | കാർഷിക ഉല്പാദനചെലവുകളും ജീവിതച്ചെലവുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൃഷിക്കാരെ ഈ രംഗത്ത് നിലനിർത്താനുതകുന്ന എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | കർഷകരെ ഗ്രൂപ്പ് ഫാമിംഗ്, ക്ലസ്റ്റർ രീതി തുടങ്ങിയ സംഘടിത പ്രവർത്തനങ്ങളിലൂടെയും ആധുനിക യന്ത്രവൽക്കരണരീതികൾ അവലംബിച്ച് കാർഷിക ഉൽപാദനച്ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഉൽപാദന വർദ്ധനവിനുള്ള സാങ്കേതികവിദ്യകളും കർഷകർക്ക് നൽകി വരുന്നു. കൂടാതെ വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉല്പാദന ഉപാധികൾക്ക് ധനസഹായവും നൽകി വരുന്നു. മാത്രമല്ല കൃഷി രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തെരഞ്ഞെടുത്ത കർഷകരെ ഗ്രാമപഞ്ചായത്ത് തലത്തിലും സംസ്ഥാനതലത്തിലും എല്ലാ വർഷവും ആദരിക്കുന്നു. കൂടാതെ കാർഷികാഭിരുചിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കായി പെൻഷൻ പദ്ധതിയും നടപ്പാക്കി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ